## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3221 24.06.2013-ൽ മറുപടിക്ക്

### സേവനാവകാശനിയമം പ്രാവർത്തികമാക്കിയതുവഴി ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ഗുണങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.എഫ്. തോമസ്**<br>**ശ്രീ.തോമസ് ഉണ്ണിയാടൻ**<br>**ശ്രീ. റ്റി.യു. കുരുവിള**<br>**ശ്രീ. മോൻസ് ജോസഫ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**ബഹു.മുഖ്യമന്ത്രി** |
| (എ) ഈ സർക്കാർ സേവനാവകാശനിയമം പ്രാവർത്തികമാക്കിയതുവഴി ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ഗുണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) സേവനാവകാശ നിയമം പ്രാവർത്തികമാക്കിയതു വഴി പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിന് ഒരു നിശ്ചിത സമയപരിധി ഉണ്ടായിട്ടുണ്ട്. സർക്കാരാഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വേഗത്തിലാക്കാനും സേവനാവകാശനിയമത്തിലൂടെ സാധിക്കും. ഓരോ വകുപ്പും നൽകുന്ന സേവനങ്ങൾ, അതിന്റെ സമയ പരിധി, വകുപ്പുകളിലെ നിയുക്ത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നതു മുഖേന സർക്കാർ ഓഫീസുകളുടെ സുതാര്യതയും വർദ്ധിക്കുന്നു. |
| (ബി) സേവനാവകാശ നിയമത്തിന്റെ അന്തസത്തയെ ചോദ്യം ചെയ്യുന്ന രീതിയിൽ ചില മേഖലകളിൽ എങ്കിലും സേവനങ്ങൾ കൃത്യമായി ജനങ്ങൾക്ക് നൽകാതിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | |
| (സി) ഈ നിയമം സംബന്ധിച്ച് പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ? | (സി) സേവനാവകാശ നിയമം സംബന്ധിച്ച് ദൃശ്യ-അച്ചടി മാധ്യമങ്ങൾ വഴി വിവരവും പൊതുജന സമ്പർക്കവും വകുപ്പ് മുഖേന പരസ്യം നൽകി വരുന്നുണ്ട്. ജീവനക്കാർക്ക് ഇക്കാര്യത്തിൽ ബോധവൽക്കരണം നൽകുന്നത് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.